File No.LSGD-IB2/464/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കിലയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പത്താം പെൻഷൻ പരിഷ്കരണ ഉത്തരവ് 01.07.2014 മുതൽ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

G.O.(Rt)No.1788/2020/LSGD തീയതി,തിരുവനന്തപുരം, 30/09/2020

പരാമർശം:- 1 24.10.2014-ലെ സ.ഉ.(കൈ).നം.183/2014/ത.സ്വ.ഭ.വ

2 20.01.2016-ലെ സ.ഉ.(അച്ചടി)ധന.നം.09/2016/ധന.

3 04.05.2018-ലെ സ.ഉ.(കൈ).62/2018/ത.സ്വ.ഭ.വ

4. 26.06.2018-ലെ കില ഡയറക്ടറുടെ 2016/101/503/E1 നമ്പർ ഉത്തരവ്.

5. കില ഡയറക്ടറുടെ 21.10.2018, 15.03.2019, 20.12.2019 എന്നീ തീയതികളിലെ കില/2018/101/4986/HQ/E1 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പരാമർശം (2) പ്രകാരമുള്ള പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾക്കനുസൃതമായി കിലയിലെ ജീവനക്കാർക്ക് പരാമർശം (3) ഉത്തരവ് പ്രകാരം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ബാധകമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കില ജീവനക്കാർക്ക് പരാമർശം (4)-ലെ കില ഡയറക്ടറുടെ ഉത്തരവ് പ്രകാരം ശമ്പള പരിഷ്കരണം നടപ്പാക്കി. ആയത് പ്രകാരം കിലയിൽ നിന്ന് വിരമിച്ച ജീവനക്കാർക്കും ശമ്പള പരിഷ്കരണം നടപ്പിലാക്കിയിരുന്നു. ടി ശമ്പള പരിഷ്കരണത്തിന് 01.07.2014 മുതലാണ് പ്രാബല്യമുള്ളത്.

2) പരാമർശം (1) പ്രകാരം, കില പെൻഷൻ റൂൾ പാര 17(13) അനുസരിച്ച്, വിരമിച്ച ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പുതുക്കി നിശ്ചയിക്കുന്നത് സർക്കാരിന്റെ അനുമതിയോടു കൂടിയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനു മുമ്പ് കിലയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ അടിസ്ഥാന പെൻഷൻ പുതുക്കി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ, കില പെൻഷൻ റൂൾ പാര 17(13) അനുസരിച്ച് ഇവരുടെ പെൻഷൻ പുതുക്കി നിശ്ചയിക്കണമെന്ന് പരാമർശം (5) പ്രകാരം കില ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കില ഡയറക്ടർ ലഭ്യമാക്കിയ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ലാഭത്തിലാണ് കില പ്രവർത്തിക്കുന്നത് എന്ന സാഹചര്യം കണക്കിലെടുത്ത് കിലയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പരാമർശം (2) പ്രകാരമുള്ള പത്താം പെൻഷൻ പരിഷ്കരണ ഉത്തരവ് 01.07.2014 മുതൽ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
P K PRATHAPAN
JOINT SECRETARY

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (12.07.2020-ലെ DEV-1/372/2018-FIN പ്രകാരം)
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.